**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1799** **29-09-2025 - ൽ മറുപടിയ്ക്ക്**

**കോളേജുകളിലെ അധിക അദ്ധ്യാപക തസ്തിക ക്രമീകരിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. പി. എ. മജീദ്** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള ഗവൺമെന്റ്, എയ്ഡഡ് കോളേജുകളിൽ നിലവിലുള്ള അധിക അദ്ധ്യാപക തസ്തികകൾ ക്രമീകരിക്കുന്നതിന് എടുത്ത നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | പി.ജി. കോഴ്സുകൾക്ക് നൽകിയിരുന്ന അധിക വെയ്റ്റേജ് ഒഴിവാക്കിയതിന്റെ അടിസ്ഥാനത്തിലും, എം.ഫിൽ കോഴ്സ് നിർത്തലാക്കിയതിന്റെ അടിസ്ഥാനത്തിലും ഉണ്ടായ തസ്തികകൾ ഉൾപ്പെടെ 361 അധിക തസ്തികകൾ വിവധ വിഷയങ്ങളിൽ അധികമായി നിലനിൽക്കുന്നത് കണ്ടെത്തിയിരുന്നു. അധിക തസ്തികയ്ക്ക് പുറമെയുള്ള ഒഴിവുകൾ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വകുപ്പിൽ അവശേഷിക്കുന്ന അധിക തസ്തികകളിൽ നിന്നും പുതുതായി ആരംഭിച്ച കേസരി ഗവ. ആർട്സ് ആന്റ് സയൻസ് കോളേജിലായി കോമേഴ്സ്, ജേർണലിസം, മാത്തമാറ്റിക്സ്, മലയാളം എന്നീ വിഷയങ്ങളിൽ ഓരോ തസ്തികയും വയനാട് സർക്കാർ മോഡൽ ഡിഗ്രി കോളേജിലായി ജോഗ്രഫി, സൈക്കോളജി, കോമേഴ്സ് വിഷയങ്ങളിലായി ഒരോ തസ്തികയും ഇംഗ്ലീഷ്, മലയാളം എന്നീ വിഷയങ്ങളിൽ രണ്ട് തസ്തികകളും (ആകെ 11 തസ്തികകൾ) പുനർ വിന്യസിച്ച് ഉത്തരവായിട്ടുണ്ട്. നാലു വർഷ ബിരുദ കോഴ്സ് ആരംഭിക്കുന്നതിന്റെ പശ്ചാത്തലത്തിൽ സർക്കാർ/ എയ്ഡഡ് കോളേജുകളിൽ നിലവിൽ അനുവദിക്കപ്പെട്ട മുഴുവൻ ജോലിഭാരവും തസ്തികകളും തൽസ്ഥിതി നില നിറുത്തി ലോക്ക് ചെയ്ത് ഉത്തരവായിരുന്നു. നാലു വർഷ ബിരുദ കോഴ്സ് നടത്തിപ്പിനായി വകുപ്പിൽ അവശേഷിക്കുന്ന അധിക തസ്തികകളുടെ പുനഃക്രമീകരണം സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചു വരികയാണ്. |
| (ബി) | വിവിധ വിഷയങ്ങളിലെ പി. എസ്. സി. യുടെ അസിസ്റ്റന്റ് പ്രൊഫസർ റാങ്ക് പട്ടികയിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് വിവരാവകാശ നിയമപ്രകാരം നൽകിയ മറുപടിയിൽ അധിക തസ്തികകൾ നിലനിൽക്കുന്നതു മൂലം 2020 നുശേഷം | (ബി) | വിവിധ വിഷയങ്ങളിലെ പി.എസ്.സി യുടെ അസിസ്റ്റന്റ് പ്രൊഫസർ റാങ്ക് പട്ടികയിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾ നൽകിയ വിവരാവകാശ പ്രകാരമുള്ള ചോദ്യത്തിൽ സർക്കാർ നയപരമായ തീരുമാനം കൈക്കൊള്ളുന്നതാണെന്ന മറുപടി |

| | | | |
|---|---|---|---|
| | ഒഴിവു വന്ന തസ്തികകൾ പി. എസ്. സി. യ്ക്ക് റിപ്പോർട്ട് ചെയ്യണമെങ്കിൽ സർക്കാരിന്റെ നയപരമായ തീരുമാനം ആവശ്യമാണെന്ന് അറിയിച്ചിരുന്നോ; എങ്കിൽ നയപരമായ തീരുമാനം എടുക്കുവാനായി എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കാമോ; | | നൽകിയതായുള്ള വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | പ്രസ്തുത ലിസ്റ്റിലെ ആദ്യ റാങ്കുകാർക്ക് പോലും ജോലി ലഭിക്കാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കാൻ എന്തെങ്കിലും നടപടികൾ കൈക്കൊള്ളുമോ; വിശദമാക്കാമോ; | (സി) | പി.ജി കോഴ്സുകൾക്ക് നൽകിയിരുന്ന അധിക വെയ്റ്റേജ് ഒഴിവാക്കിയതിന്റെ അടിസ്ഥാനത്തിലും എം.ഫിൽ കോഴ്സ് നിർത്തലാക്കിയതിന്റെ അടിസ്ഥാനത്തിലും ഉണ്ടായ 361 അധിക തസ്തികകൾ വിവിധ വിഷയങ്ങളിൽ വകുപ്പിൽ അധികമായി നിലനിൽക്കുന്നതിനാൽ ചില വിഷയങ്ങളിൽ ആദ്യ റാങ്കുകാരെ ഇതുവരെ അഡ്വൈസ് ചെയ്യാൻ സാധിച്ചിട്ടില്ല. വകുപ്പിലുണ്ടായ അധിക തസ്തികകൾ ക്രമീകരിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചു വരികയാണ്. |
| (ഡി) | നാലുവർഷ ഡിഗ്രി കോഴ്സിന്റെ ഗുണനിലവാരം ഉറപ്പാക്കുവാൻ വേണ്ടി വരുന്ന അധിക അദ്ധ്യാപകരുടെ നിയമനം സംബന്ധിച്ച് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് ഇനം തിരിച്ച് വിശദമാക്കാമോ; | (ഡി) | 29.06.2024 തീയതിയിലെ സ.ഉ. (സാധാ)നം. 770/2024ഉ.വി.വ പ്രകാരം നാലു വർഷ ബിരുദ കോഴ്സിന്റെ ആദ്യ ബാച്ച് പഠനം പൂർത്തിയാകുന്നത് വരെ സർക്കാർ / എയ്ഡഡ് കോളേജുകളിൽ നിലവിൽ അനുവദിക്കപ്പെട്ട മുഴുവൻ ജോലിഭാരവും തസ്തികകളും തൽസ്ഥിതി നിലനിർത്തി ലോക്ക് ചെയ്ത് ഉത്തരവായിരുന്നു.<br><br>FYUGP പ്രകാരം മേജർ, മൈനർ വിഷയങ്ങളിൽ ജോലി ഭാരത്തിൽ ഒട്ടേറെ മാറ്റങ്ങൾ വന്നിരിക്കുന്നതിനാൽ അതിന്റെ യഥാർത്ഥ ചിത്രം ഒരു ആവർത്തി (Cycle) അതായത് നാല് വർഷം കഴിഞ്ഞാൽ മാത്രമേ വ്യക്തമാകുകയുള്ളൂ.<br><br>നാല് വർഷ ബിരുദ പ്രോഗ്രാം നടപ്പിലാക്കുന്നതുമായ ബന്ധപ്പെട്ട് വകുപ്പിലുണ്ടായ അധിക തസ്തികകൾ ക്രമീകരിക്കുന്ന വിഷയത്തിൽ തീരുമാനം കൈക്കൊള്ളുന്ന ക്രമത്തിൽ മാത്രമേ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കാൻ കഴിയൂ. |
| (ഇ) | നാലുവർഷ ഡിഗ്രി കോഴ്സുകൾ നടപ്പിലാക്കിയ സാഹചര്യത്തിൽ കോളേജുകളിൽ അദ്ധ്യാപകരുടെ ജോലി ഭാരം വർദ്ധിച്ചതനുസരിച്ച് പുതിയ അദ്ധ്യാപകരെ ഗവൺമെന്റ് കോളേജുകളിൽ പി. എസ്. സി. ലിസ്റ്റിൽ നിന്നും നിയമിക്കുന്നതിനും എയ്ഡഡ് കോളേജുകളിൽ ഇന്റർവ്യൂ നടത്തി നിയമിക്കുന്നതിനും എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ഇ) | 29.06.2024 തീയതിയിലെ സ.ഉ. (സാധാ)നം. 770/2024ഉ.വി.വ പ്രകാരം നാലു വർഷ ബിരുദ കോഴ്സിന്റെ ആദ്യ ബാച്ച് പഠനം പൂർത്തിയാകുന്നത് വരെ സർക്കാർ / എയ്ഡഡ് കോളേജുകളിൽ നിലവിൽ അനുവദിക്കപ്പെട്ട മുഴുവൻ ജോലിഭാരവും തസ്തികകളും തൽസ്ഥിതി നിലനിർത്തി ലോക്ക് ചെയ്ത് ഉത്തരവായിരുന്നു.<br><br>FYUGP പ്രകാരം മേജർ, മൈനർ വിഷയങ്ങളിൽ ജോലി ഭാരത്തിൽ ഒട്ടേറെ മാറ്റങ്ങൾ വന്നിരിക്കുന്നതിനാൽ അതിന്റെ യഥാർത്ഥ ചിത്രം |

| | | | |
|---|---|---|---|
| | | | ഒരു ആവർത്തി (Cycle) അതായത് നാല് വർഷം കഴിഞ്ഞാൽ മാത്രമേ വ്യക്തമാകുകയുള്ളൂ.<br><br>നാല് വർഷ ബിരുദ പ്രോഗ്രാം നടപ്പിലാക്കുന്നതുമായ ബന്ധപ്പെട്ട് വകുപ്പിലുണ്ടായ അധിക തസ്തികകൾ ക്രമീകരിക്കുന്ന വിഷയത്തിൽ തീരുമാനം കൈക്കൊള്ളുന്ന ക്രമത്തിൽ മാത്രമേ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കാൻ കഴിയൂ. |
| (എഫ്) | വിവിധ വിഷയങ്ങളിലേക്കുള്ള കോളേജ് അദ്ധ്യാപക പി. എസ്. സി. റാങ്ക് ലിസ്റ്റുകളുടെ കാലാവധി അവസാനിക്കാറായതിനാൽ അധിക അദ്ധ്യാപക തസ്തികകൾ എന്ന പ്രശ്നം മാറ്റിവെച്ച് റാങ്ക് ലിസ്റ്റുകളിൽ നിന്ന് നിയമനം നടത്താൻ എന്തെങ്കിലും തരത്തിലുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ ; | (എഫ്) | നാല് വർഷ ബിരുദ പ്രോഗ്രാം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് വകുപ്പിലുണ്ടായ അധിക തസ്തികകൾ ക്രമീകരിക്കുന്ന വിഷയം പരിശോധിച്ചു വരികയാണ്. ആയതിൽ തീരുമാനമാകുന്ന മുറയ്ക്ക് നിലവിലുള്ള റാങ്ക് ലിസ്റ്റുകളിൽ നിന്ന് നിയമനം നൽകുന്ന വിഷയത്തിൽ തുടർ നടപടി സ്വീകരിക്കുന്നതാണ്. |
| (ജി) | 2020-ൽ വിവിധ സർക്കാർ കോളേജുകളിൽ പുതുതായി അനുവദിച്ച കോഴ്സുകൾക്ക് നിയോഗിച്ച ഗസ്റ്റ് അദ്ധ്യാപകർക്ക് പകരം പുതിയ അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിക്കുമോ? | (ജി) | നാല് വർഷ ബിരുദ പ്രോഗ്രാം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് വകുപ്പിലുണ്ടായ അധിക തസ്തികകൾ ക്രമീകരിക്കുന്ന വിഷയം പരിശോധിച്ചു വരികയാണ്. ആയതിൽ തീരുമാനമാകുന്ന മുറയ്ക്ക് നിലവിലുള്ള റാങ്ക് ലിസ്റ്റുകളിൽ നിന്ന് നിയമനം നൽകുന്ന വിഷയത്തിൽ തുടർ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ